REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 16-04-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ സമ്പൂർണ വികസനം എന്ന ലക്ഷ്യത്തോടെയാണ് എല്ലാ തീരുമാനങ്ങളും എടുക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- മുഖ്യമന്ത്രി പിണറായി വിജയൻ BJP യെ കൂടി വിമർശിക്കാൻ തയ്യറാകണമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.
- ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം ബൂത്തിലേക്ക് പോകാൻ ഇനി പത്ത് ദിവസം മാത്രം. മുന്നണികളുടെ പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി.
- പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ K.G ജയൻ അന്തരിച്ചു.
- രാജ്യത്ത് ഇത്തവണ ശരാശരിയ്ക്കു മുകളിൽ മഴ ലഭിക്കുമെന്ന് കാലാവസ്ഥാ വിലയിരുത്തൽ.
- മോഹൻബഗാൻ സൂപ്പർ ജയ്ന്റ്സിന് ISL ഷീൽഡ്.

## വാർത്തകൾ വിശദമായി

**രാജ്യത്തിന്റെ സമ്പൂർണ വികസനം എന്ന ലക്ഷ്യത്തോടെയാണ് എല്ലാ തീരുമാനങ്ങളും എടുക്കുന്നതെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പറഞ്ഞു. 2047 ഓടെ വികസിത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കാൻ വിപുലമായ പരിപാടികൾ തയ്യാറാക്കി വരുന്നുണ്ടെന്നും അദ്ദേഹം ഒരു വാർത്താ ഏജൻസിയ്ക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. കഴിഞ്ഞ രണ്ടു വർഷമായി വികസിത് ഭാരത് പദ്ധതി നടപ്പാക്കുന്നത് ഈ ലക്ഷ്യത്തോടെയാണ്.**

ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് സംവിധാനം നടപ്പാക്കാൻ NDA ഗവൺമെന്റ് പ്രതിബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇതിനായി നിയോഗിച്ച രാം നാഥ് കോവിന്ദ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

കേന്ദ്ര ഏജൻസികൾ, പ്രതിപക്ഷ പാർട്ടികളെ വേട്ടയാടുകയാണെന്ന ആരോപണം അദ്ദേഹം നിഷേധിച്ചു. രാഷ്ട്രീയ ബന്ധങ്ങളില്ലാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെയാണ് എൻഫോഴ്സ്മെന്റ് വകുപ്പ് കൂടുതൽ കേസുകളും എടുത്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

എന്നാൽ, പ്രധാനമന്ത്രി വാർത്താ ഏജൻസിക്കു നൽകിയ അഭിമുഖത്തിൽ പണപ്പെരുപ്പത്തെ കുറിച്ചോ, കാർഷിക പ്രശ്നങ്ങളെപ്പറ്റിയോ, തൊഴിലില്ലായ്മയെപ്പറ്റിയോ ഒന്നും പറയുന്നില്ലെന്ന് കോൺഗ്രസ് കുറ്റപ്പെടുത്തി. പ്രധാന പ്രശ്നങ്ങളോടൊന്നും തന്നെ പ്രതികരിക്കാൻ പ്രധാനമന്ത്രി തയ്യാറായില്ലെന്ന് പാർട്ടി ജനറൽ സെക്രട്ടറി ജയറാം രമേഷ് സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ BJP യെ വിമർശിക്കാൻ കൂടി തയ്യാറാകണമെന്ന് കോൺഗ്രസ് നേതാവും വയനാട് സ്ഥാനാർത്ഥിയുമായ രാഹുൽ ഗാന്ധി അഭിപ്രായപ്പെട്ടു. വിമർശിക്കുന്നതിൽ സന്തോഷമുണ്ടെന്നും, എന്നാൽ മുഖ്യമന്ത്രി തന്നെ മാത്രം വിമർശിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ലെന്നും കോഴിക്കോട് ബീച്ചിൽ UDF തെരഞ്ഞെടുപ്പ് റാലി ഉദ്ഘാടനം ചെയ്യവെ അദ്ദേഹം പറഞ്ഞു.

കേരളം ഒരു സംസ്കാരമാണെന്നും ഇന്ത്യക്കകത്തും പുറത്തും മികച്ച പ്രകടനം കാഴ്ചവെക്കാൻ മലയാളികൾക്ക് കഴിയുന്നുണ്ടെന്നും രാഹുൽ വിലയിരുത്തി. സൗദിയിൽ വധശിക്ഷയ്ക്ക് വിധിച്ചയാൾക്ക് വേണ്ടി 34 കോടി ശേഖരിക്കാൻ സാധിച്ചത് നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

രാഹുൽഗാന്ധി ഇന്ന് തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ പര്യടനം നടത്തും. രാവിലെ കൊടിയത്തൂരിൽ റോഡ്ഷോയോടെ പര്യടനം തുടങ്ങും. തുടർന്ന് മലപ്പുറം ജില്ലയിലെ പര്യടനം ആരംഭിക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം ബൂത്തിലേക്ക് പോകാൻ ഇനി പത്ത് ദിവസം മാത്രം ശേഷിക്കെ മുന്നണികളുടെ പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി. പെരുന്നാൾ, വിഷു ആഘോഷങ്ങൾ കൂടി കഴിഞ്ഞതോടെ എല്ലായിടത്തും തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ആരവം ഉയർന്നുകഴിഞ്ഞു. വോട്ടഭ്യർഥിച്ച് മണ്ഡലത്തിലെ പരമാവധി സ്ഥലങ്ങളിൽ എത്തിച്ചേരുന്ന തിരക്കിലാണ് സ്ഥാനാർഥികൾ. റോഡ്ഷോകളും പൊതുയോഗങ്ങളും സംഘടിപ്പിച്ച് ദേശീയ- സംസ്ഥാന നേതാക്കൾ തെരഞ്ഞെടുപ്പ് ചൂട് പകരുകയാണ്.

✪✪✪

കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിലെ ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൌൾ വിലയിരുത്തി. കണ്ണൂർ പുതിയതെരുവിലെ മാഗനറ്റ് ഹോട്ടലിൽ യോഗം ചേർന്നാണ് നാല് ജില്ലകളിലെ ഒരുക്കങ്ങൾ വിലയിരുത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

....(വോയ്സ്).......

✪✪✪

കോഴിക്കോട്ടെ UDF സ്ഥാനാർഥി M.K രാഘവന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കർണാടക ഉപമുഖ്യമന്ത്രി D.K ശിവകുമാർ ഇന്നെത്തും. വൈകിട്ട് കൊടുവള്ളിയിലെ പൊതുസമ്മേളനം ശിവകുമാർ ഉദ്ഘാടനം ചെയ്യും. തുടർന്ന്റോഡ് ഷോയും ഉണ്ടായിരിക്കും.

LDF സ്ഥാനാർത്ഥി എളമരം കരീമിന്റെ പ്രചാരണത്തിന് CITU അഖിലേന്ത്യാ ജനറൽ സെക്രട്ടറി തപൻസെൻ രാവിലെ കോഴിക്കോട്ടെത്തും. വൈകിട്ട് LDF കൺവൻഷനിലും അദ്ദേഹം സംബന്ധിക്കും. വൃന്ദാകാരാട്ട് വൈകിട്ട് ചാത്തമംഗലത്തും പിന്നീട് കുറ്റിച്ചിറയിലും പൊതുസമ്മേളനങ്ങളിൽ സംസാരിക്കും.

✪✪✪

പ്രധാനമന്ത്രി സ്ഥാനാർഥി ആരെന്നു പറയാൻ പോലും പ്രതിപക്ഷ പാർട്ടികൾക്ക് ആവുന്നില്ലെന്ന് BJP സംസ്ഥാന ഉപാധ്യക്ഷൻ A.N രാധാകൃഷ്ണൻ കോഴിക്കോട്ട് പറഞ്ഞു. 2019ലെ ലോക്സഭ

തെരഞ്ഞെടുപ്പിൽ 'പല സർവ്വേകളും രാഹുൽ ഗാന്ധി പ്രധാനമന്ത്രി ആകുമെന്നായിരുന്നു കണ്ടെത്തിയത്. എന്നാൽ എല്ലാ സർവ്വേകളും തിരുത്തി നരേന്ദ്ര മോദി പ്രധാനമന്ത്രിയായി വീണ്ടുമെത്തിയെന്നും രാധാകൃഷ്ണനൻ പറഞ്ഞു.

✪✪✪

കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ വീട്ടിലെത്തി വോട്ട് ചെയ്യിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ഇന്നലെ 1,308 പേർ വോട്ട് രേഖപ്പെടുത്തി. 85 വയസ് കഴിഞ്ഞ 1,008 പേരും 300 ഭിന്നശേഷിക്കാരുമാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തിയത്. വോട്ട് രേഖപ്പെടുത്തിയ ബാലറ്റുകൾ ഇന്നലെ രാത്രി തന്നെ ഉപവരണാധികാരിക്ക് കൈമാറി സ്ട്രോങ്ങ് റൂമിലേക്ക് മാറ്റി.

ഇടുക്കി മണ്ഡലത്തിലും ഇന്നലെ വീട്ടിൽ നിന്ന് വോട്ട് പരിപാടി ആരംഭിച്ചു. 7,852 വോട്ടുകളാണ് ഇത്തരത്തിൽ രേഖപ്പെടുത്താൻ കണ്ടെത്തിയിരിക്കുന്നത്. ഈ മാസം 19 വരെ ആറു ദിവസമായി വീട്ടിൽ നിന്ന് വോട്ട് സംവിധാനം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

കോട്ടയത്ത് 15,036 പേർ ഈ സംവിധാനത്തിൽ വോട്ട് ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ട്. ഇവർക്കായി വോട്ടിംഗിന്റെ ആദ്യഘട്ടം ഇന്നലെ ആരംഭിച്ചു.

മലപ്പുറം ജില്ലയിൽ 13,216 പേർ വീട്ടിലെത്തി വോട്ടു രേഖപ്പെടുത്താൻ അപേക്ഷ നൽകി. ഇന്നലെ ഇതിന് ജില്ലയിൽ തുടക്കമായിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ആദ്യദിനം 1497 പേർ വോട്ട് രേഖപ്പെടുത്തി. 14628 പേരാണ് വീടുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിന് ജില്ലയിൽ അർഹരായിരിക്കുന്നത്.

✪✪✪

ആഘോഷങ്ങൾക്ക് പരിസമാപ്തി ആയതോടെ വടകയിൽ തിരഞ്ഞെടുപ്പ് രംഗം സജീവമായി. സ്ഥാനാർഥികളുടെ പ്രചാരണത്തിനായി കൂടുതൽ ദേശീയ നേതാക്കൾ വരും ദിവസങ്ങളിൽ വടകരയിലെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു.

....................<AUDIO>..................

✪✪✪

എറണാകുളം ജില്ലയിൽ സ്വീപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി, വോട്ട് അവകാശമാണ്, ഒരു വോട്ട് പോലും പാഴാക്കരുത്' എന്ന സന്ദേശം ഉയർത്തി കൊച്ചി നഗരത്തിൽ രാത്രി നടത്തം സംഘടിപ്പിച്ചു. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.

✪✪✪

പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ K.G ജയൻ അന്തരിച്ചു. തൃപ്പൂണിത്തുറയിലെ വീട്ടിൽ പുലർച്ചെയായിരുന്നു 90 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

ചലച്ചിത്ര ഗാനങ്ങളിലൂടേയും ഭക്തിഗാനങ്ങളിലൂടേയും സംഗീതാസ്വാദകരുടെ മനം കവർന്ന സംഗീത പ്രതിഭയായിരുന്നു KG ജയൻ. അദ്ദേഹത്തേയും ഇരട്ട സഹോദരൻ കെ.ജി വിജയനേയും ചേർത്ത് ജയവിജയന്മാർ എന്നാണ് സംഗീത ലോകം വിളിച്ചിരുന്നത്. കെ.ജി വിജയൻ 1989 ൽ അപകടത്തിൽ മരണമടഞ്ഞിരുന്നു.

2019-ൽ പത്മശ്രീ നൽകി ജയനെ ആദരിച്ചിരുന്നു. സംഗീതരംഗത്തെ ഒട്ടേറെ പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ചലച്ചിത്ര താരം മനോജ് കെ ജയൻ മകനാണ്.

✪✪✪

രാജ്യത്ത് ഇത്തവണ ശരാശരിയ്ക്കു മുകളിൽ മഴ ലഭിക്കുമെന്ന് കാലാവസ്ഥാ വിലയിരുത്തൽ. ജൂൺ മുതൽ സെപ്തംബർ വരെ 106 ശതമാനം മഴ ഉണ്ടായേക്കുമെന്ന് ഭൗമശാസ്ത്ര മന്ത്രാലയ സെക്രട്ടറി ഡോ. M രവിചന്ദ്രൻ ന്യൂഡൽഹിയിൽ അറിയിച്ചു. എന്നാൽ വടക്കു-പടിഞ്ഞാറൻ, വടക്കു-കിഴക്കൻ, കിഴക്കൻ മേഖലകളിൽ കാലവർഷം കുറയാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇടുക്കി, വയനാട് ജില്ലകൾ ഒഴികെ 12 ജില്ലകളിൽ ഇന്നും നാളെയും കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില 39 ഡിഗ്രി വരെയും കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി വരെയും ഉയർന്നേക്കാം.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ഇടവിട്ട് മഴ പെയ്യുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനിയടക്കം കൊതുകുജന്യ രോഗങ്ങൾ വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി. കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നും മന്ത്രി നിർദ്ദേശം നൽകി.

✪✪✪

ISL ഫുട്ബോളിൽ  അവസാന ലീഗ് റൗണ്ട് പോരാട്ടത്തിൽ നിലവിൽ ചാമ്പ്യന്മാരായ മോഹൻബഗാൻ സൂപ്പർ ജയന്റ്സിന് പത്താം സീസണിലെ ISL ഷീൽഡ്. കൊൽക്കത്തയിൽ മുംബൈ സിറ്റി FC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് മോഹൻ ബഗാന്റെ ജയം.

✪✪✪

ബംഗ്ലാദേശിനെതിരായ അഞ്ച് ട്വന്റി-20 പരമ്പരയിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു.  ഹർമൻ പ്രീത് കൗർ നയിക്കുന്ന ഇന്ത്യൻ ടീമിൽ രണ്ട്  മലയാളി താരങ്ങളുണ്ട്.  സജന സജീവൻ, ആശ ശോഭന എന്നിവരാണ് ടീമിലെ മലയാളി സാന്നിധ്യം.  ഈ മാസം 28 മുതൽ അടുത്ത മാസം ഒൻപതു വരെയാണ് പരമ്പര.

✪✪✪

IPL ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദിന് ജയം. ബാംഗ്ലൂർ ചിന്നസ്വാമി സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ അവർ 25 റൺസിന് പരാജയപ്പെടുത്തി.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30നാണ് മൽസരം.

✪✪✪